# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: അവധി, സ്ഥാനക്കയറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5975/എ1/2/2018/ഭരണവിഭാഗം                    തീയതി, പ്രിയദർശിനി ഹിൽസ്, 04.08.2018

സൂചന:- (1) 27.07.2018-ലെ ശ്രീ. അശോകൻ എൻ കെ, ഡെപ്യൂട്ടി രജിസ്ട്രാർ (SF)-ന്റെ അവധിയ്ക്കുള്ള അപേക്ഷ.
(2) ജി.ഒ.(പി) നമ്പർ 42/2010/പി & എ.ആർ.ഡി. തീയതി 20.12.2010.

## ഉത്തരവ്

ശ്രീ. അശോകൻ എൻ കെ, ഡെപ്യൂട്ടി രജിസ്ട്രാർ (SF), 21.07.2018 മുതൽ 42 ദിവസത്തെ ആർജിതാവധിയ്ക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പ്രതിപാദിച്ചിരിക്കുന്ന സ്ഥാനക്കയറ്റങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവാകുകയും, അതിനനുസൃതമായി പ്രസ്തുത ഉദ്യോഗസ്ഥർക്ക് നിയമനം നൽകിക്കൊണ്ട് ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ I ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

| ക്രമ നമ്പർ | പേര്/തസ്തിക/സെക്ഷൻ | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക്, സ്ഥലം മാറ്റം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമനം നൽകിയിരിക്കുന്ന സെക്ഷൻ/വിഭാഗം |
|---|---|---|---|---|
| 1. | ശ്രീ. തമ്പി മാത്യു. ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ XX പരീക്ഷാ വിഭാഗം | ഡെപ്യൂട്ടി രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 77,400 - 1,15,200/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. അശോകൻ എൻ കെ, ഡെപ്യൂട്ടി രജിസ്ട്രാർ അവധിയിൽ പ്രവേശിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ഡപ്യൂട്ടി രജിസ്ട്രാർ (SF) ആയി നിയമിക്കുന്നു. |
| 2. | ശ്രീ. ദിലീപ്കുമാർ ആർ അസിസ്റ്റന്റ് രജിസ്ട്രാർ III അക്കാദമിക വിഭാഗം | ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 68,700 - 1,10,400/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. തമ്പി മാത്യു, ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 3. | ശ്രീ. സോമരാജൻ എം.എം ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ EN II സെക്ഷൻ | അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45,800 - 89,000/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ദിലീപ്കുമാർ ആർ., അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ശ്രീ. തമ്പി മാത്യു, ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെത്തുടർന്നുണ്ടായ ഒഴിവിൽ പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ XX ആയി നിയമിക്കുന്നു. |
| 4. | ശ്രീ. ഗോപാലകൃഷ്ണൻ എം എൻ, സെക്ഷൻ ഓഫീസർ DSS | ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 40,500 - 85,000/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. സോമരാജൻ എം.എം, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 5. | ശ്രീ. ഗോപകുമാർ സി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ Ad AI സെക്ഷൻ | സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600 - 79,200/-ൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ഗോപാലകൃഷ്ണൻ എം എൻ, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | ശ്രീ. സോമരാജൻ എം.എം, സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ EN II സെക്ഷനിൽ നിയമിക്കുന്നു. |

ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ സെക്ഷൻ 3.10.(17) പ്രകാരം വൈസ് ചാൻസിലർ അനുവദിച്ചിരിക്കുന്നു.

ഡെപ്യൂട്ടി രജിസ്ട്രാർമാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ അവർക്ക് ചുമതലയുള്ള സെക്ഷനുകളുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/ അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി പ്രവർത്തിക്കേണ്ടതാണ്.

ചുമതല വ്യത്യാസമുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക്, ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടേയും മറ്റു അനുബന്ധ രേഖകളുടേയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016 പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (2)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം/സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറു മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും. സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം, സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീരാജ് ആർ.
ഡെപ്യൂട്ടി രജിസ്ട്രാർ-I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം/ഫിനാൻസ് വിഭാഗം/പരീക്ഷാ വിഭാഗം/അക്കാദമിക് വിഭാഗം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പബ്ലിക് റിലേഷൻസ് ഓഫീസർ / എസ്റ്റേറ്റ് ഓഫീസർ
7. പൂൾ ഓഫീസർ (ഭരണവിഭാഗം)
8. ഓഡിറ്റ് II/III /ഫിനാൻസ് I/II/ എഡി.എ. III/ എഡി.എ. IV/ എഡി.എ. VI/ എഡി.എ. VIII/ എ.ഡി.സി. I/II/III/ എഫ്.സി.സി/എഡി.ബി. IX/എക്സാം ഓഡിറ്റ് II /CETEX
9. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി.
10. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ് നമ്പർ: എഡി.എ1-2-200/2018